## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2009 11.06.2018- ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർ

ചോദ്യം | മറുപടി

ശ്രീ. ഐ.സി.ബാലകൃഷ്ണൻ | പിണറായി വിജയൻ (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശ്വാസം നൽകുന്ന കാര്യത്തിൽ ഈ സർക്കാർ നൽകിയ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ എന്തൊക്കെയായിരുന്നു; പ്രസ്തുത വാഗ്ദാനങ്ങൾ പ്രാവർത്തികമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | 'എൻഡോസൾഫാൻ ദുരിതബാധിതരെ സംരക്ഷിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമെന്ന്' തെരഞ്ഞെടുപ്പ് വാഗ്ദാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻഡോസൾഫാൻ ദുരിതബാധിതർക്ക് പ്രത്യേക ധനസഹായം നൽകുന്നതിലേയ്ക്ക് 56.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് സൗജന്യ ചികിത്സ അനുവദിച്ച വകയിൽ 4.6 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. 2013 ആഗസ്റ്റ് മാസം നടത്തിയ സ്പെഷലിസ്റ്റ് മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുത്തവരിൽ നിന്നും നിലവിലുള്ള മാനദണ്ഡപ്രകാരം ദുരിതബാധിത പട്ടികയിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതും എന്നാൽ ഗുരുതരരോഗമുള്ളവരുമായ 127 പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഒരു ലക്ഷം രൂപ വീതം അനുവദിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം ആകെ 62.63 കോടി രൂപ മേൽ ഇനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. 25 കോടി രൂപ മുതൽ |

<table>
<tr><td></td><td></td><td></td><td>മുടക്കിൽ നിർമ്മിക്കുന്ന കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ ഗ്രാമത്തിന്റെ രൂപകൽപ്പന, നിർമ്മാണം, നടത്തിപ്പ് എന്നിവയടക്കമുള്ള സമഗ്രനിർമ്മാണ പ്രവർത്തനങ്ങളും നടത്തിപ്പും ലോകോത്തര നിലവാരത്തിൽ നിർവ്വഹിക്കുന്നതിന് കോഴിക്കോട് ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>എൻഡോസൾഫാൻ ദുരിതബാധിതർ റവന്യൂ റിക്കവറി നിയമത്തിലെ 71-ാം വകുപ്പ് ബാധകമായുള്ള സ്ഥാപനങ്ങളിൽ നിന്നും ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള എല്ലാ വായ്പകളും എഴുതി തള്ളിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;</td><td>(ബി)</td><td>എൻഡോസൾഫാൻ ദുരിതബാധിതരുടെ 50,000/- രൂപവരെയുള്ള കടങ്ങൾ എഴുതിത്തള്ളിയിട്ടുണ്ട്. വിശദവിവരം താഴെക്കൊടുക്കുന്നു.
<table>
<tr><th>Types of Banks</th><th>No. of Beneficiaries</th><th>Amount (in Rupees)</th></tr>
<tr><td>Co-operative Banks</td><td>559</td><td>85,70,475</td></tr>
<tr><td>Nationalized Banks</td><td>119</td><td>25,22,950</td></tr>
<tr><td></td><td>TOTAL</td><td>1,10,93,425</td></tr>
</table>
ദുരിതബാധിതരുടെ പരിഗണിക്കാൻ പറ്റുന്ന കടബാധ്യതകൾ എഴുതിത്തള്ളുന്നതിനാവശ്യമായ 7.6 കോടി രൂപ അനുവദിക്കുന്നതിന് സർക്കാർ തീരുമാനമായിട്ടുണ്ട്. നിലവിൽ ദുരിതബാധിതരുടെ എല്ലാ കടബാധ്യതകൾക്കും 25.10.2017 മുതൽ ഒരു വർഷത്തേയ്ക്ക് സർക്കാർ മൊറോട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ദുരിതബാധിതർക്കുള്ള റീഹാബിലിറ്റേഷൻ വില്ലേജ് മുളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;</td><td>(സി)</td><td>25 കോടി രൂപ മുതൽ മുടക്കിൽ നിർമ്മിക്കുന്ന കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ ഗ്രാമത്തിന്റെ രൂപകൽപ്പന, നിർമ്മാണം, നടത്തിപ്പ് എന്നിവയടക്കമുള്ള സമഗ്രനിർമ്മാണ</td></tr>
</table>

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങളും നടത്തിപ്പും ലോകോത്തര നിലവാരത്തിൽ നിർവ്വഹിക്കുന്നതിന് കോഴിക്കോട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്. |
| (ഡി) | നിലവിലെ ലിസ്റ്റിൽപെടാത്ത അർഹരായ ദുരിതബാധിതരെ കണ്ടെത്തുന്നതിനും അവർക്ക് അർഹമായ ആനുകൂല്യം അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ഡി) | സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ് വഴി അർഹരെന്ന് കണ്ടെത്തിയ എല്ലാവരെയും ദുരിതബാധിത പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ ) | സുപ്രീം കോടതി വിധിപ്രകാരം കീടനാശിനി നിർമ്മാതാക്കളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുവാനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | കീടനാശിനി നിർമ്മാതാക്കളിൽ നിന്നും നഷ്ടപരിഹാരം ലഭിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**